**April : 05**

# KGBEU OU ബുള്ളറ്റിൻ 38/2023

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ Proposed staff strength & Excess/due lists

ഓഫീസർ, വർക്ക്മെൻ ട്രാൻസ്ഫറിനു മുന്നോടിയായി proposed staff pattern, excess list, due list എന്നിവ HR പുറത്തുവിട്ടിട്ടുണ്ട്. 119 ജീവനക്കാരെയാണ് ഈ വർഷം എക്സസായി കണക്കാക്കി നിലവിലെ ബ്രാഞ്ചിൽ നിന്നും ഒഴിവാക്കുന്നത്. ബാങ്കിന്റെയോ ബ്രാഞ്ചിന്റെയോ ബിസിനസ് കുറഞ്ഞതുകൊണ്ടല്ല ജീവനക്കാർ എക്സസ് ആയത്, മറിച്ച് ബിസിനസ് കൂടിയിട്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ മാനേജ്മെന്റ് കൂട്ടാക്കാത്തത് കൊണ്ട് മാത്രമാണ്. റിക്രൂട്ട്മെൻറ് നടന്നാൽ മാത്രമേ ഇതിനൊരു പരിഹാരം ആവുകയുള്ളൂ. അതിന് തയ്യാറാകാത്ത മാനേജ്മെന്റിന്റെ കൃത്യവിലോപമാണ് കഴിഞ്ഞ നാളുകളിൽ നിരവധി പേർ ബുദ്ധിമുട്ടിയതിനും ഇത്തവണ 119 ജീവനക്കാർ ആശങ്കയിൽ ആയതിനും ഒരേയൊരു കാരണം. ഇതേത്തുടർന്ന് ബ്രാഞ്ചുകളും ബാങ്കും വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിക്കാൻ പോകുന്നത്.

ഈ പ്രതിസന്ധി അഡ്രസ്സ് ചെയ്യുന്ന സംഘടന എന്ന നിലയ്ക്ക് മാനേജ്മെന്റുമായി നിരന്തരമായ സംവാദത്തിൽ ഏർപ്പെടാൻ നാം നിർബന്ധിതരായതിന്റെ പേരിൽ സംഘടനാ നേതാക്കളെ തിരഞ്ഞു പിടിച്ച് എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപറത്തി ആക്രമിക്കുന്ന രീതിയാണ് കാണുന്നത്. ജീവനക്കാർക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കാൻ നിരന്തരമായി പോരാടുന്ന സംഘടന, മാനേജ്മെന്റിന് ഒരു വിലങ്ങുതടി ആവുന്നത് കൊണ്ടാണ് മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധമായ പല കളികളും ഇവിടെ വിലപ്പോവാത്തത്. ഇത് എന്ത് വില കൊടുത്തും പ്രതിരോധിക്കുക തന്നെ വേണം. അല്ലാത്തപക്ഷം അവിടെ ജീവനക്കാർ നിത്യനരകത്തിലേക്ക് വലിച്ചെറിയപ്പെടും. അത് നാം നേരിടാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തവണത്തെ ട്രാൻസ്ഫറിൽ എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി ട്രാൻസ്ഫർ ചെയ്യാനുള്ള ശ്രമം വലിയൊരളവിൽ നമുക്ക് ചെറുക്കാൻ സാധിച്ചത് കൊണ്ടാണ് കുറെപ്പേർക്ക് സൗകര്യപ്രദമായ ട്രാൻസ്ഫർ ലഭിച്ചത്. എങ്കിലും പല കൃത്രിമങ്ങളും നടന്നത് നാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തിരുത്തിയില്ലെങ്കിൽ ശക്തമായ നടപടികളിലേക്ക് നമുക്ക് കടക്കേി വരും.

അതോടൊപ്പം, ഇന്നലെ പുറത്തു വിട്ട ലിസ്റ്റുകളിൽ പല അനോമലികളും ജീവനക്കാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിമാരുടെ ശ്രദ്ധയിൽ

കൊണ്ടുവരണം.

താഴെപ്പറയുന്ന ബിസിനസ് പ്രകാരമാണോ ഈ ലിസ്റ്റുകൾ വന്നതെന്ന് പരിശോധിക്കണം. അല്ലാത്തവ ഉടൻ HR മായി takeup ചെയ്യുകയും സംഘടനയെ അറിയിക്കുകയും വേണം.

1. ഒരു ബ്രാഞ്ചിലെ സീനിയർ സ്റ്റാഫിനെ ആണ് excess സ്റ്റാഫ് ആയി പരിഗണിക്കുന്നത്. മറിച്ചാണ് കാണിച്ചതെങ്കിൽ റിപ്പോർട്ട് ചെയ്യണം.

2. Excess സ്റ്റാഫിനെ ഇപ്പോൾ വർക്ക് ചെയ്യുന്ന ബ്രാഞ്ചിന്റെ അടുത്ത ബ്രാഞ്ചിലായിരിക്കും പരിഗണിക്കുക, പക്ഷേ അവർ റിക്വസ്റ്റ് കൊടുത്താൽ അത് റിക്വസ്റ്റ് ട്രാൻസ്ഫർ ആയി പരിഗണിക്കും. ആവശ്യമെങ്കിൽ ഓപ്ഷൻ നൽകാവുന്നതാണ്. വേക്കൻസി ലഭ്യമാകുന്ന പ്രകാരം പരിഗണിക്കും. ഓപ്ഷൻ നൽകണമെന്ന് നിർബന്ധമില്ല. (റിക്വസ്റ്റും ഓപ്ഷനും രണ്ടും രണ്ടാണ് എന്ന് ശ്രദ്ധിക്കുക)

3. Due ആയി കാണിച്ചിട്ടുള്ളവർ request/option കൊടുക്കണം.

4. കഴിഞ്ഞ വർഷങ്ങളിൽ excess ആയി, ഇത്തവണ term ആവുകയും എന്നാൽ due കാണിക്കാതിരിക്കുകയും ചെയ്യുന്നവർ ഉണ്ടെങ്കിൽ ഉടൻ റിപ്പോർട്ട് ചെയ്യണം.

5. പുതുതായി ജോയിൻ ചെയ്ത ജീവനക്കാർ ഉള്ളതിന്റെ പേരിൽ ആരെയെങ്കിലും excess ആയി കാണിക്കുന്നുണ്ടെങ്കിൽ അത് excess ആയി കണക്കാക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്.

Letter id 922112

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)